

കവിതകൾ

# അമീൻ വി ചൂനൂർ

## തെറ്റിദ്ധാരണകൾ

തെറ്റിദ്ധാരണകൾ പുഴുവാണ്..,..

ഇലകൾ കടിച്ചു മുറിക്കുന്ന പോലെ അവ;
സ്നേഹത്തിന്റെ പ്രതലങ്ങളിൽ
ഓട്ടകൾ സൃഷ്ടിക്കും..
പിന്നെ, കറിയിലിടാൻ പോലും പറ്റാതെ
നമ്മളവ ചവറ്റു കുട്ടയിലേക്ക് തള്ളും..

## പരദൂഷണം

പരിചകൾ മറന്നു വെച്ചവനെ
വാളെടുത്തു വെട്ടി, തുണ്ടമാക്കി,
പങ്കിട്ടു കഴിക്കാൻ മാടിവിളിക്കുമ്പോൾ
നുണ പറയുക..,
പൂർണ വെജിറ്റേറിയനാണെന്ന്

## സ്നേഹം പോലെ

സ്നേഹം പോലെ എന്തോ ഒന്ന്
ഇന്നലെയും എന്റെ വാതിലിൽ മുട്ടി..
ഉണങ്ങിയ ഖുബ്ബൂസ്; അതുമാത്രമായിരുന്നു
അന്നെന്റെ ഭക്ഷണം..
സ്റ്റീൽ പാത്രത്തിൽ ഖുബ്ബൂസ് നിരത്തി
ഞാനവനെ വിളിച്ചു;
മൂത്ത ഇക്കാന്റെ വീട്ടിൽ നല്ല ഫ്രൈഡ് റൈസുണ്ട്..
സ്നേഹമില്ലാത്തവൻ എന്ന് ഗേറ്റടച്ച്..;
കട്ടൻ ചായ പോലും കുടിക്കാതെ അവൻ
പടിയിറങ്ങിപ്പോയി.

## നാട്ടിലേക്ക്

സ്നേഹം നിറച്ച്, വന്നിറങ്ങി അയാൾ;
വലിയ കോളുകളൊന്നുമില്ലാതെ;
കാറിൽ വല്ലാത്ത മൂകത; കുട്ടികൾക്ക് ചിരിയില്ല..
പുറത്ത്, പാഞ്ഞുകൊണ്ടിരിക്കുന്ന
വൃക്ഷങ്ങളോടൊപ്പം തിരിച്ചു പോകാൻ
അയാളുടെ മനം കൊതിച്ചു..

## തിരിച്ചു വരവ്

ഈ പ്രകൃതിയെ വിട്ട് എങ്ങനെ മടങ്ങും
എന്ന് തല പെരുത്തു..
അവൾ; പുതുക്കിയ ചാർട്ടെടുത്തു നിരത്തി..,
മക്കൾ; ഒരു വിചിത്ര ജീവിയെ കണ്ട പോലെ
അയാളെ നോക്കി..,
പെങ്ങന്മാർ; തല ഞെട്ടിച്ചു
പുച്ഛത്തോടെ ചിരിച്ചു..
മൂകത.. നിശ്ശബ്ദത..
അവസാനം; എല്ലാവർക്കുമായി
അയാൾ വീണ്ടും വണ്ടി കയറി..
ഇപ്പോൾ, മരങ്ങൾ അയാളെ പറ്റിച്ചു
പിറകോട്ടോടുകയായിരുന്നു..